# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1371

22.03.2013
മറുപടിക്ക്

## പാലക്കാട് ജില്ലയിലെ പി.എം.ജി.എസ്.വൈ

ചോദ്യം

ശ്രീ.എം.ഹംസ

ഉത്തരം

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കേന്ദ്രാനുമതി ലഭിച്ച് പ്രവൃത്തി തുടങ്ങിയ എത്ര കിലോമീറ്റർ റോഡുകളാണ് നിലവിലുള്ളത്; | എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കേന്ദ്രാനുമതി ലഭിച്ച 2363.35 കി.മി ദൈർഘ്യം വരുന്ന റോഡുകൾക്കാണ് കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. |
| ബി) ഏഴാം ഘട്ടം വരെ അനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടും പണി തുടങ്ങാത്ത എത്ര റോഡുകൾ ആണ് നിലവിലുള്ളത്; ഇതിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം റോഡുകൾ; എത്ര കിലോമീറ്റർ ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കാമോ; | ബി) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഏഴാം ഘട്ടം വരെ കേന്ദ്രാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും പണിതുടങ്ങാൻ കഴിയാത്ത 146 റോഡുകളാണുള്ളത്. ഇതിൽ പാലക്കാട് ജില്ലയിലെ 55.80 കി.മി ദൈർഘ്യം വരുന്ന 23 റോഡുകളാണ് ഉള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) പ്രസ്തുത പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാത്തതിന് കാരണം എന്തെന്ന് വ്യക്തമാക്കാമോ; ആയത് ഏറ്റെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സി) പി.എം.ജി.എസ്.വൈ പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുവാൻ വിമുഖത കാണിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ കർശനമായ ഗുണനിലവാര നിഷ്ക്കർഷയും ടെണ്ടർ എക്സസ് നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകാതിരുന്നതും ആണ്. കേന്ദ്രസർക്കാരിന്റെ ദേശീയ ഗുണ നിലവാര പരിശോധകർ എല്ലാ |

പി.എം.ജി.എസ്.വൈ പ്രവൃത്തിക ളും പരിശോധിച്ച് ഗുണനിലവാരം നിർണ്ണയിക്കേണ്ടതുണ്ട്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചിട്ടുള്ള ഗുണ നിലവാരം ലഭ്യമായില്ലെങ്കിൽ ആ പ്രവൃത്തി തൃപ്തികരമല്ലെന്ന് രേഖപ്പെടുത്താറുണ്ട്. പദ്ധതികളുടെ ബിൽ നല്കണമെങ്കിൽ ഗുണപരിശോധനാഫലങ്ങൾ തൃപ്തികരമാകേണ്ടതാണ്. കരാർ ഉറപ്പിക്കാൻ കഴിയാത്ത പ്രവർത്തികൾക്ക് നെഗോഷ്യേറ്റഡ് ക്വോട്ടേഷൻ മുഖേന 2010 SOR നിരക്കിൽ നിന്നും 42 ശതമാനം വരെ അധിക നിരക്ക് നൽകി കരാർ ഉറപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡി) പി.എം.ജി.എസ്.വൈ പദ്ധതിയുടെ 8-ാം ഘട്ടത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

ഇ) ഈ പദ്ധതിയുടെ 8-ാം ഘട്ടത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിന്നും ഏതെല്ലാം റോഡുകൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്; ഓരോന്നും ഏതെല്ലാം ഘട്ടത്തിൽ ആണ് എന്ന് വ്യക്തമാക്കാമോ?

ഡി)യും ഇ)യും

എട്ടാം ഘട്ടത്തിൽ ഏറ്റെടുക്കേണ്ട റോഡ് പ്രവർത്തികളുടെ വിശദ മായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി നാഷണൽ റൂറൽ ഡവലപ്പ്മെന്റ് ഏജൻസിയിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ സമർപ്പിക്കേണ്ട റോഡ് പ്രവർത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അംഗീകാരം നൽകുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ എംപവേർഡ് കമ്മിറ്റി മീറ്റീംഗ് 26/3/2013 ന് നിശ്ചയിച്ചിട്ടുണ്ട്. എട്ടാം ഘട്ടത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിന്നും കടമ്പൂർ പള്ളിക്കടവ് റോഡ്, ലക്ഷം വീട് കൂനംമല റോഡ്, കണ്ണ

മംഗലം – കണ്ണമംഗലം നോർത്ത് റോഡ് എന്നീ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

പാലക്കാട് ജില്ലയിലെ പി.എം.ജി.എസ്.വൈ സ്കീമിൽ ഏറ്റെടുക്കാത്ത റോഡുകളുടെ വിശദാംശങ്ങൾ

| ക്രമ നം | ബ്ലോക്കിന്റെ പേര് | റോഡിന്റെ പേര് | നീളം (കി. മീ) |
|---|---|---|---|
| 1 | കൊല്ലങ്കോട് | മാമണിച്ചള്ള മാമണി റോഡ് | 3.18 |
| 2 | | വെള്ളാരംകടവ് മോണ്ടിപതി | 4.73 |
| 3 | പട്ടാമ്പി | ആണ്ടാത്ത് കോളനി ആണ്ടാത്ത് താളിക്കുത്ത് | 0.62 |
| 4 | | മുളയംകാവ് കൊരാനാൽ | 1.54 |
| 5 | | മുളയംകാവ് തത്തനാംപുള്ളി | 1.18 |
| 6 | | നാടപറമ്പ് അറണാത്തുപടി | 2.53 |
| 7 | | നടുവട്ടം മുത്തശ്ശിയാർക്കാവ് | 0.75 |
| 8 | | നെല്ലായ സിറ്റി പൂമ്പില്ലായ | 1.36 |
| 9 | ചിറ്റൂർ | ചുള്ളിപെറുക്കമേട് അണപ്പാടം | 4.04 |
| 10 | | കാളിയംപാറ പുങ്കംതറ | 3.28 |
| 11 | | മല്ലപതി കിണർപള്ളം | 1.37 |
| 12 | | വില്ലൂന്നി അയ്മാർകലൈ | 3.77 |
| 13 | ഒറ്റപ്പാലം | പുലാപ്പറ്റശ്ശേരി ചെസ്റ്റ് കല്ലുരുട്ടീ | 1.783 |
| 14 | | തൃക്കംങ്ങോട് ചോറോട്ടൂർ | 3.50 |
| 15 | | മലപ്പുറം പുലാപ്പറ്റശ്ശേരി | 3.00 |
| 16 | തൃത്താല | കുണ്ടുകാട് കോട്ടോപ്പാടം | 1.68 |
| 17 | | കുമ്പിടി ഡയറ്റ് | 3.186 |
| 18 | | വട്ടത്താണി പൂഴിത്തുരുത്ത് | 1.62 |
| 19 | | ചാത്തന്നൂർ പിലാക്കാട്ടിരി | 2.95 |
| 20 | | ദുബായ് റോഡ് ഒഴുതറ | 2.10 |
| 21 | നെന്മാറ | കരിമ്പാറ കൽച്ചാടി | 2.06 |
| 22 | | കുഴൽറോട് കുളമ്പ് | 3.495 |
| 23 | | പനങ്ങാട്ടിരി പന്നിക്കോൽ | 2.19 |

സെക്ഷൻ ഓഫീസർ